# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

97-ാം ഭരണഘടനാ ഭേദഗതി നിയമം

2274 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതി കേരളത്തിലെ സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കും എന്നുളളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) 97-ാം ഭരണഘടനാ ഭേദഗതിമൂലം സഹകരണ മേഖലയിലുണ്ടായ ആശങ്ക അകറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ ഭരണഘടനാ ഭേദഗതിയിലൂടെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് എന്തൊക്കെ പ്രയോജനങ്ങളാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പുതിയ സഹകരണ നിയമം</u>

2275

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

97-ാം ഭരണഘടന ഭേദഗതി മൂലം സഹകരണ മേഖലയ്ക്ക് ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളെ പുതിയ നിയമം മുഖേന പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ഇന്ത്യൻ ഭരണഘടനയുടെ 97-ാം ഭേദഗതി

2276 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇന്ത്യൻ ഭരണഘടനയുടെ 97-ാം ഭേദഗതി സംസ്ഥാനത്ത് നിലവിൽ വരുന്നത് ഏത് തീയതി മുതൽ ആയിരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സഹകരണ ഓംബുഡ്സ്മാന്റെ പ്രവർത്തനം</u>

2277 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓംബുഡ്സ്മാന് ലഭിക്കുന്ന പരാതികളിൽ യഥാസമയം തീരുമാനം എടുക്കാൻ നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്താനും പ്രവർത്തനം ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കുമോ ;

(ബി) സഹകരണ ഓംബുഡ്സ്മാന് കൂടുതൽ പരസ്യം നല്കിക്കൊണ്ട്, പരാതികളിൽ യഥാസമയം തീരുമാനം എടുക്കുന്നതിനും സഹകരണ സ്ഥാപനങ്ങളിൽ അംഗങ്ങൾക്ക് കൂടുതൽ വിശ്വാസം ആർജിക്കാൻ കഴിയും വിധം പ്രവർത്തനം ശക്തമാക്കാനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകൾ ഇൻകം ടാക്സ്
ഇനത്തിൽ നൽകിയ തുക</u>

2278 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ ബാങ്കുകൾ ഉണ്ട്; അവയുടെ പേരും എണ്ണവും വെളിപ്പെടുത്തുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ ഇൻകം ടാക്സ് ഇനത്തിൽ എത്ര കോടി നൽകിയിട്ടുണ്ട്; ഓരോ വർഷവും നൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം സംഘങ്ങൾ എത്ര തുക ഇൻകം ടാക്സായി നൽകിയെന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) സഹകരണ മേഖലയിലെ നിക്ഷേപകരിൽ നിന്ന് ഇൻകം ടാക്സ് ഈടാക്കി നൽകുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്നു മുതലാണ് നടപ്പിലാക്കിയത്; എത്ര തുകയാണ് ഒരോ വർഷവും നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ സഹകരണ മേഖലയ്ക്കുണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് പഠിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

സംസ്ഥാന കാർഷിക വികസന ബാങ്കിലെ നിയമനങ്ങൾ

2279 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക വികസന ബാങ്കിലെ നിയമനങ്ങൾ പി. എസ്. സി.ക്ക് വിട്ടത് എപ്പോഴായിരുന്നു ; പി. എസ്. സിയ്ക്ക് വിടാത്ത ഏതെങ്കിലും തസ്തികകൾ ഉണ്ടോ ; വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള ഭരണസമിതി അധികാരമേറ്റ ശേഷം ബാങ്കിൽ ഏതെല്ലാം തസ്തികകളിലേക്ക് നിയമനം നടത്താൻ അപേക്ഷ ക്ഷണിക്കുകയുണ്ടായി ; ഏതെല്ലാം പത്രങ്ങളിൽ പരസ്യം നൽകുകയുണ്ടായി ; പരസ്യങ്ങളുടെ ഓരോ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ലിസ്റ്റ് തയ്യാറാക്കുകയുണ്ടായോ ; പരീക്ഷയും ഇന്റർവ്യൂവും നടത്തുകയുണ്ടായോ ; പരീക്ഷയുടെ ഉത്തരക്കടലാസ് പരിശോധിച്ചത് ഏത് ഏജൻസിയാണ് ; എത്രപേർ ഓരോ തസ്തികയിലേക്കും അപേക്ഷിക്കുകയുണ്ടായി ; തയ്യാറാക്കപ്പെട്ട റാങ്ക് ലിസ്റ്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) താല്ക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്താതിരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഇ) നിയമനം പി. എസ്. സി. യ്ക്ക് വിട്ട സഹകരണ അപ്പക്സ് സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം സംബന്ധിച്ച് സഹകരണ രജിസ്ട്രാർ പുറപ്പെടുവിച്ച സർക്കുലറിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വായ്പക്കാരുടെ മുതലും പലിശയും അറിയിക്കാൻ നടപടി</u>

2280 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നവരെ കാലാകാലങ്ങളിൽ തിരിച്ചടയ്ക്കാനുള്ള മുതലും പലിശയും എത്രയാണെന്ന് അറിയിക്കുന്നതിൽ ബാങ്ക് അധികൃതർ വീഴ്ച വരുത്തുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദീർഘകാലത്തിനു ശേഷം വായ്പക്കാരെ ബാദ്ധ്യത അറിയിക്കുകയും പിഴപ്പലിശ ചുമത്തി ജപ്തി നടപടി ആരംഭിക്കുകയും തദവസരത്തിൽ ബാദ്ധ്യതകളുള്ള സ്ഥലം നിസ്സാരവിലക്ക് വാങ്ങുന്ന ലോബികൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വായ്പക്കാരുടെ മുതലും പലിശയും എത്രയാണെന്നും അവരുടെ ബാദ്ധ്യത എത്രയാണെന്നും കൃത്യമായ ഇടവേളകളിൽ അവരെ അറിയിക്കണമെന്ന് സർക്കുലർ നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പ്രമാണങ്ങൾ മടക്കി നൽകാത്ത സഹകരണ സ്ഥാപനങ്ങൾക്കെതിരെ നടപടി</u>

2281 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ കടങ്ങൾ എഴുതിതള്ളിയ കർഷകരുടെ പ്രമാണങ്ങൾ ചില സഹകരണ ബാങ്കുകൾ തിരികെ നൽകുന്നില്ലെന്ന പരാതിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ

(ബി) പ്രസ്തുത പ്രമാണങ്ങൾ തിരികെ ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ ചെയ്യേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രമാണങ്ങൾ തിരികെ നൽകാത്ത സഹകരണ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

ബി.എസ്.സി. ഓാണേഴ്സ് കോ-ഓപ്പറേഷൻ ബാങ്കിംഗ് കോഴ്സ്

2282 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാല നടത്തുന്ന ബി.എസ്.സി. ഒഹാണേഴ്സ് കേ-ഓപ്പറേഷൻ ബാങ്കിംഗ് കോഴ്സ് പഠിച്ചവർക്കായി മാനേജ്മെന്റ് ബാങ്കിംഗ് തസ്തികകൾ മാറ്റിവയ്ക്കുമോ ;

(ബി) പ്രസ്തുത കോഴ്സിന് കൂടുതൽ കോളേജുകളിൽ ബാച്ചുകൾ അനുവദിക്കുന്നത് പരിഗണിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസ് ഡിപ്പാർട്ട്മെന്റ്</u>

2283 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ വിജിലൻസ് സംവിധാനം നിലവിലുണ്ടോ ; അതിൽ എത്ര പോലീസ് ഓഫീസർമാരാണുള്ളത് ; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു ;

(ബി) വകുപ്പിലെ ജീവനക്കാരുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ, ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുമോ ;

(സി) സഹകരണ വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഏതു വർഷമാണ് പ്രവർത്തനം തുടങ്ങിയത് ; പ്രസ്തുത ഡിപ്പാർട്ട്മെന്റിന് മാത്രമായി എത്ര വാഹനങ്ങൾ ഉണ്ട് ;

(ഡി) വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ 2011 ന് ശേഷമുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കാര്‍ഷികവായ്പക്ക് പലിശ സബ്സിഡി</u>

2284 ശ്രീ. വി. ഡി. സതീശന്‍
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷികവായ്പയ്ക്ക് പലിശ സബ്സിഡി നല്‍കുന്ന പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) ഈ പദ്ധതിക്ക് എന്ത് തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇതിന്റെ പ്രയോജനങ്ങള്‍ ആര്‍ക്കെല്ലാമാണ് ലഭിക്കുന്നത്;വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ലോൺ തിരിമറി നടത്തിയ സംഭവം

2285 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ സഹകരണബാങ്കിന്റെ മാലക്കല്ല് ശാഖയിൽ നിന്ന് ലോൺ തിരിമറി നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ സംഭവവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

കുറ്റിപ്പുറം സഹകരണ ബാങ്കിലെ പ്യൂൺ നിയമനം

2286 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം സഹകരണ ബാങ്കിലെ പ്യൂൺ നിയമനവുമായി ബന്ധപ്പെട്ട ക്രമക്കേട് സംബന്ധിച്ച വിജിലൻസ് അന്വേഷണം നടന്നിരുന്നോ ;

(ബി) എങ്കിൽ വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിൽ ഭരണ സമിതിക്കെതിരെ നടപടി ശുപാർശ ചെയ്തിരുന്നോ ;

(ഇ) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സ്ഥിര നിക്ഷേപങ്ങൾക്ക് പലിശ</u>
<u>കുറയ്ക്കുന്നതിനുണ്ടായ കാരണം</u>

2287 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളും ബാങ്കുകളും സ്ഥിര നിക്ഷേപങ്ങൾക്ക് പലിശ കുറയ്ക്കുന്നതിനുണ്ടായ കാരണം എന്താണ് ;

(ബി) പ്രസ്തുത ബാങ്കുകളിലെ വായ്പയുടെയും നിക്ഷേപത്തിന്റെയും പലിശ നിരക്കുകൾ തമ്മിലുള്ള അന്തരം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിലെ പ്രവേശനം</u>

2288 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ൽ പുന്നപ്ര സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ ലാറ്ററൽ എൻട്രി വഴി എത്രപേരെ പ്രവേശിപ്പിച്ചു; ഇവരിൽ എൽ.ഇ.റ്റി. പരീക്ഷാ യോഗ്യത നേടാത്തവർ എത്രപേർ;

(ബി) എൽ.ഇ.റ്റി. പരീക്ഷാ യോഗ്യത നേടാത്തവരുടെ പരീക്ഷാഫലം യൂണിവേഴ്സിറ്റി തടഞ്ഞുവച്ചിട്ടുണ്ടോ; യൂണിവേഴ്സിറ്റി ഇവരുടെ പ്രവേശനം റെഗുലറൈസ് ചെയ്തിട്ടുണ്ടോ;

(സി) സി.എ.പി.ഇ. ലെ വ്യാപകമായ ക്രമക്കേടുകളെ കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച അന്വേഷണ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അന്വേഷണ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യങ്ങൾ സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ജില്ലാ സഹകരണ ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പ് വോട്ടവകാശം

2289 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ കാർഷികേതര രംഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സംരഭങ്ങൾക്ക് വായ്പ നൽകേണ്ടുന്ന ആവശ്യത്തിലേക്ക് നൽകിയ അംഗത്വത്തിന് ഇപ്പോൾ ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകിയിട്ടുണ്ടോ; ഇതിന് നിലവിലുള്ള ജനറൽ ബോഡിയുടെ അംഗീകാരമുണ്ടോ;

(ബി) നടക്കാൻ പോകുന്ന ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള ക്രഡിറ്റ് സംഘങ്ങളേയും ഇതര സംഘങ്ങളേയും സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിൽ വോട്ടവകാശം ലഭിച്ചിട്ടുള്ള സംഘങ്ങൾ ഏത് തീയതി വരെ ജില്ലാ ബാങ്കുകളിൽ അംഗത്വം ലഭിച്ചവരാണ്; ഇവയിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻ കീഴിലുള്ളവ ഏവ; പ്രവർത്തനം നിലച്ചിട്ടുള്ളവ ഏവ ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>കൊടുവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് തെരഞ്ഞെടുപ്പ്</u>

2290 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പോളിംഗ് നടന്നു കൊണ്ടിരിക്കുമ്പോൾ തടസ്സപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുവാൻ വേണ്ടി എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത തെരഞ്ഞെടുപ്പ് സംബന്ധിച്ച് കേരളാ ഹൈക്കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ട്;

(ഡി) ഈ കേസിന് എത്ര തുക കൊടുവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

മരിച്ചുപോയ കാൻസർ രോഗികളുടെ വായ്പ
എഴുതിത്തള്ളുന്ന പദ്ധതി

2291

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രാഥമിക സഹകരണ ബാങ്കുകളിൽ വായ്പ കുടിശ്ശിക ഉള്ളവരും മരിച്ചുപോയവരുമായ കാൻസർ രോഗികളുടെ വായ്പ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതി</u>

2292

ശ്രീ. ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്താനുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ; തെരഞ്ഞെടുപ്പിലെ വോട്ടവകാശം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) സഹകരണ നിയമ ഭേദഗതിയനുസരിച്ച് ജില്ലാ ബാങ്കുകളുടെ ബൈലോ ഭേദഗതി ചെയ്യുന്നതിന് ജനറൽബോഡികൾ വിളിച്ചുചേർത്ത് അംഗീകാരം നേടുകയുണ്ടായോ;

(സി) പ്രസ്തുത ജനറൽബോഡിയിൽ നിലവിൽ അംഗങ്ങളല്ലാത്ത സംഘങ്ങളുടെ പ്രതിനിധികളെയും വിളിച്ചുചേർക്കുകയുണ്ടായോ; ഇത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ ജില്ലാ ബാങ്കിലും ഏത് തീയതി വരെ അംഗത്വം ലഭിച്ച വോട്ടവകാശമുള്ള എത്ര അംഗങ്ങൾ വീതം ഉണ്ടാകുമെന്നും മുമ്പുണ്ടായിരുന്ന വായ്പാ സംഘങ്ങളുടെ എണ്ണം എത്രയായിരുന്നുവെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതികളെ പിരിച്ചുവിട്ട നടപടി</u>

2293 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, വി. ശിവൻകുട്ടി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളെ നിയോഗിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വിശദമാക്കുമോ;

(ബി) ഭരണസമിതിയെ പിരിച്ചുവിടുമ്പോൾ അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനു പകരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിക്കുന്ന നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ജോയിന്റ് രജിസ്ട്രാർമാരുടെ യോഗം</u>

2294 ശ്രീ. കെ. സുരേഷ്കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് മന്ത്രി, ജോയിന്റ് രജിസ്ട്രാർമാരുടെ യോഗം തൃശ്ശൂർ ജില്ലാ ബാങ്ക് ഹാളിൽ വിളിച്ചു ചേർക്കുകയുണ്ടായോ ;

(ബി) പ്രസ്തുത യോഗം എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനം എടുക്കുകയുണ്ടായി ; യോഗനടപടിക്കുറിപ്പിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ;

(സി) ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത കാര്യങ്ങൾ എന്തൊക്കെയായിരുന്നു ; ജോയിന്റ് രജിസ്ട്രാർമാർക്ക് നൽകിയ നിർദ്ദേശങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

## കാർഷിക ഗ്രാമവികസന ബാങ്കുകളിലെ കെ.സി.സി. വായ്പ

2295

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന നടപ്പു സാമ്പത്തിക വർഷം എത്ര തുകയുടെ കെ. സി.സി വ്യ്പകൾ വിതരണം ചെയ്തുവെന്നു വ്യക്തമാക്കുമോ;

(ബി) എത്ര കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്; കെ.സി.സി വായ്പകൾ എത്ര ശതമാനം പലിശയ്ക്കാണു വിതരണം ചെയ്യുന്നത്; വ്യക്തമാക്കുമോ;

(സി) കെ.സി.സി വായ്പകൾ പലിശ അടച്ചു പുതുക്കുവാനുള്ള അവസരം കർഷകനു നഷ്ടമായിരിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത സാഹചര്യം ഉണ്ടായത് എങ്ങനെ; ഇതിന് എന്തു തിരുത്തൽ നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഖാദിമേഖലയിൽ മിനിമം വേജസ്</u>

2296 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദിമേഖലയിൽ മിനിമം വേജസ് സമ്പൂർണ്ണമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ ;

(ബി) ഖാദിമേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച് പഠിച്ച ഗോപിനാഥൻ നായർ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ഹരിജൻ ഗ്രാമ വ്യവസായ സംഘത്തിന്റെ നിക്ഷേപം പിൻവലിക്കുന്ന നടപടി

2297 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ ഹടേരി ഹരിജൻ ഗ്രാമ വ്യവസായ സംഘത്തിന്റെ ട്രഷറിയിലുള്ള നിക്ഷേപം പിൻവലിക്കുന്നതിനായി സമർപ്പിക്കപ്പെട്ട നിവേദനത്തിൽ കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സെക്രട്ടറി എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്മേലുള്ള നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ട്രഷറിയിൽ നിന്ന് സംഘത്തിന് തുക പിൻവലിക്കാനുള്ള ഉത്തരവ് എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പ്രവർത്തനം നിലച്ച ഖാദിയൂണിറ്റ്</u>

2298 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര-പറവൂരിൽ ആരംഭിച്ച ഖാദിയൂണിറ്റിന്റെ പ്രവർത്തനം നിലച്ച് കെട്ടിടങ്ങൾ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഖാദി യൂണിറ്റിന്റെ പ്രവർത്തനം നിലച്ചു പോകുവാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് ഖാദി ബോർഡിന്റെ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>നൂൽനൂൽപ്പ് തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ</u>

2299 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഖാദിഗ്രാമ വ്യവസായ വകുപ്പിന് കീഴിൽ എത്ര നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇതിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് ;

(സി) ഈ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്താൻ നടപടി

2300 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നീതി സ്റ്റോറുകളിലും ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും നന്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇവിടങ്ങളിൽ നന്മ പദ്ധതിയുടെ ബോർഡും വിലനിലവാരവും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ;

(ബി) കൊല്ലം ജില്ലിയിൽ നീതി സ്റ്റോർ, ത്രിവേണി സൂപ്പർ മാർക്കറ്റ് ഉൾപ്പെടെ എത്ര നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) നീതി സ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത് വന്ന എത്ര സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(ഡി) കൊല്ലം ജില്ലയിൽ എത്ര സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(ഇ) കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്നതും സ്ഥിര നിയമനത്തിനായി അപേക്ഷ നൽകിയിട്ടുള്ളവരുമായ സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ഒഴുകുന്ന ത്രിവേണി സ്റ്റോർ പദ്ധതി

2301 ശ്രീ. വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒഴുകുന്ന ത്രിവേണി സ്റ്റോർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ഡി) സംസ്ഥാനത്ത് മുഴുവനും ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഉണർവ് -2012 ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

2302 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉണർവ് - 2012 ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സംഘാംഗങ്ങളുടെ സാമ്പത്തികാടിത്തറ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>'അശ്വാസ്' പദ്ധതി - ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

2303 ശ്രീ. കെ. ശിവദാസൻ നായർ
'' വി.റ്റി. ബൽറാം
'' സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്വാസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് വായ്പക്കാർക്ക് ഈ പദ്ധതി വഴി നൽകിയിട്ടുള്ളത് ; പദ്ധതിയുടെ കാലാവധി എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>നിക്ഷേപ സുരക്ഷാ ബോർഡ് രൂപീകരണം</u>

2304 ശ്രീ. ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപ സുരക്ഷാ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ ബോർഡിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിക്ഷേപങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ക്രിസ്ത്മസ്സ് സീസണിൽ കൺസ്യൂമർഫെഡ് വഴി നിത്യോപയോഗ സാധനങ്ങൾ

2305 ശ്രീ. ബെന്നി ബെഹനാൻ
,, എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിസ്ത്മസ്സ് സീസണിൽ കൺസ്യൂമർഫെഡ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ;

(ബി) എത്ര ഔട്ട്ലെറ്റുകളാണ് തുറക്കാനുദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് ഈ ഔട്ട്ലെറ്റുകൾ വഴി ലഭ്യമാക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഈ സാധനങ്ങൾ എത്ര വിലകുറച്ചാണ് നൽകുന്നത് ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>കൺസ്യൂമർ സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

2306

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കൺസ്യൂമർഫെഡ് ഷോറൂമുകൾ അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണം വൈക്കം നിയോജക മണ്ഡലത്തിൽ അനുവദിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) കൺസ്യൂമർ സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ പഞ്ചായത്തുകളിലും കൺസ്യൂമർ സ്റ്റോറുകൾ അനുവദിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>എല്ലാ പഞ്ചായത്തുകളിലും നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും</u>

2307 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനുകീഴിൽ കൂടുതൽ അരിച്ചന്തകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ത്രിവേണി സ്റ്റോറുകളിലൂടെ ലഭിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരവും അളവും കൃത്യമാക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇവ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നീതി സ്റ്റോറുകളും, നീതി മെഡിക്കൽ സ്റ്റോറുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇവ സ്ഥാപിക്കുന്നതിനു വേണ്ട മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ശബരിമലയിലെയും, പമ്പയിലെയും പാരിസ്ഥിതിക പ്രശ്നങ്ങൾ</u>

T2308 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെയും, പമ്പയിലെയും പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് കേന്ദ്ര മന്ത്രാലയത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന് കേന്ദ്ര അംഗീകാരം എന്നാണ് ലഭിച്ചത്; ഈ പദ്ധതികൾക്കായി എത്ര തുക കേന്ദ്രം അനുവദിച്ചിരുന്നു; ഇത് പദ്ധതി ചെലവിന്റെ എത്ര ശതമാനമാണ്;

(സി) അനുവദിക്കപ്പെട്ട പദ്ധതികളിൽ ഏതെല്ലാം ഇതിനകം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

മാലിന്യ സംസ്കരണ പദ്ധതികൾ

T2309 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പാ നദിയിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-12 -വർഷങ്ങളിൽ നടത്തിയ പരിശോധനയിൽ കോളിഫോം ബാക്ടീരിയായുടെ അളവ് എത്രയായിരുന്നു; അത് അനുവദനീയമായ അളവിലും എത്ര ഇരട്ടിയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

(സി)

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പമ്പയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ</u>

T 2310 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഗൗരവമായി കാണുന്നുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പമ്പാ നദിയിൽ എത്ര കുടിവെള്ള പദ്ധതികളാണുള്ളതെന്ന് അറിയിക്കുമോ ;

(സി) കോളിഫാം ബാക്ടീരിയ കുടിവെള്ള പദ്ധതികളെ ദോഷകരമായി ബാധിക്കുന്ന വിവരം ഗൗരവമായി കാണുന്നുണ്ടോ ; എങ്കിൽ എന്തു നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ജലത്തിലെ മാലിന്യ നിലവാരം</u>

2311 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവയിലെ മാലിന്യ നിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നദികളുടെ ഉത്ഭവസ്ഥാനങ്ങളിലും, പതനസ്ഥാനത്തോടടുത്തുമുള്ള ജലസാമ്പിളുകൾ ബോർഡ് പരിശോധിക്കാറുണ്ടോ ; എങ്കിൽ വ്യത്യാസം വിശകലനം ചെയ്യാറുണ്ടോ ; വിശദവിവരം നല്കാമോ ;

(സി) രാസമാലിന്യങ്ങളുടെ തോത് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;ഏറ്റവും ഒടുവിൽ പരിശോധിച്ചതെന്നാണെന്നും ഓരോ നദിയിലെയും തോത് എത്ര വീതമാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

വേമ്പനാട്ടുകായലിലെയും കുട്ടനാട്ടിലെ നദികളിലെയും മലിനീകരണം

2312 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജ് മലിനീകരണം തടയാൻ ഒരു മലിനജല ശുദ്ധീകരണ സംവിധാനം ആലപ്പുഴയിൽ ഏർപ്പെടുത്താൻ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) വേമ്പനാട്ടുകായലിലെയും കുട്ടനാട്ടിലെ നദികളിലെയും മലിനീകരണം തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് മലിനീകരണ നിയന്ത്രണ ബോർഡ് ആവഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>മാവേലിക്കര കോട്ടാത്തോട് ശുചീകരിക്കുന്നതിനായി പദ്ധതി</u>

2313 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര കോട്ടാത്തോട് ശുചീകരിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?